(സി) നാലാം ശമ്പള പരിഷ്കരണം 1-7-1983-ലും അഞ്ചാം ശമ്പള പരിഷ്കരണം 1-7-1988-ലും തുടർന്ന് 1-3-1992-ലും 1-3-1997-ലും 1-7-2004-ലും 1-7-2009-ലുമാണ് മുൻപ് ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. അതായത് 5 വർഷം, 4 വർഷം, 7 വർഷം, 5 വർഷം, 5 വർഷം എന്നീ ഇടവേളകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ ഭരണാനുമതി

106 (112) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വരെ ഭരണാനുമതി നൽകാം എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ പരിധിയ്ക്കുമുകളിൽ ഏതെങ്കിലും ഭരണ വകുപ്പുകൾ ഭരണാനുമതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പരിധിയ്ക്ക് പുറത്ത് ഭരണാനുമതി നൽകിയ ഇനങ്ങളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ 150 ശതമാനംവരെ മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഭരണവകുപ്പിന് അനുമതി നൽകിക്കൊണ്ട് 1-3-2013- ലെ സ.ഉ. (പി) നമ്പർ 110/13/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഭരണവകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

പൊതുഖജനാവിലെ സാമ്പത്തിക സ്ഥിതി

107 (113) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതു ഖജനാവിൽ പണം മിച്ചമുണ്ടായിരുന്നോ ; എങ്കിൽ എത്ര രൂപ മിച്ചമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും കടപ്പത്രം മുഖേന പൊതു വിപണിയിൽനിന്ന് സർക്കാർ എത്ര രൂപ കടമെടുത്തു എന്നും എത്ര രൂപ കടമെടുക്കുന്നതിനാണ് അനുമതിയുള്ളത് എന്നും വ്യക്തമാക്കുമോ ; ഇതിൽ എത്ര രൂപ ഇതിനകം വാങ്ങിയിട്ടുണ്ട് എന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (16-5-2011-ലെ കണക്കുകൾ പ്രകാരം) സംസ്ഥാനത്തിന് 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപ മുണ്ടായിരുന്നു.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം 31-3-2015-വരെ 135440.24 കോടി രൂപയാണ്.

(സി)

ക്രമ നമ്പർ	വർഷം	കടപ്പത്രം മുഖേന സമാഹരിച്ച തുക (തുക കോടിയിൽ)
1	2011-12	8800
2	2012-13	11583
3	2013-14	12800
4	2014-15	13200
5	2015-16 (ഡിസംബർ 24 വരെ)	10450

2011-12 വർഷം മുതൽ 2014-15 വരെ ഓരോ വർഷവും പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിന് അനുമതി ലഭിച്ച തുക മുഴുവനും വായ്പയെടുത്തിട്ടുണ്ട്.

സർക്കാരിന്റെ കടബാധ്യത

108 (114) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2015 വരെ ഓരോ വർഷവും സർക്കാർ എത്ര തുക വീതം കടമെടുത്തുവെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത വർഷങ്ങളിൽ ഏതെങ്കിലും വർഷം പരിധിയിൽ താഴെ സർക്കാർ കടമെടുത്തിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയെന്നും സർക്കാർ വന്നതിനുശേഷം എത്ര തുക കടമെടുത്തിട്ടുണ്ട് എന്നും ഇപ്പോൾ ആകെ പൊതു കടം എത്രയെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly